# തേനും വേദവും

എൻ.പി. മുഹമ്മദ്

**പ്രവാചകനെപ്പോലെ ബഹുമുഖരംഗങ്ങളിൽ അപൂർവ വിജയം നേടിയ ഒരതുല്യ പ്രതിഭയെ ഒരു ചെറു ലേഖനത്തിൽ ഒതുക്കിവെക്കാവതല്ല. ആനയെ സിന്ദൂരച്ചെപ്പിലൊതുക്കാൻ ഇന്ദ്രജാലികനു കഴിയുമായിരിക്കാം. മുഹമ്മദ് നബിയുടെ സമഗ്രജീവിതം എത്ര വാള്യങ്ങൾ എഴുതിയാലും സമ്പൂർണാവിഷ്കാരത്തിന്റെ സാഫല്യം നേടുകയില്ല. ആത്മീയ ഗുരു, സംഘാടകൻ, ഭരണകർത്താവ്, നിയമദാതാവ് എന്നിങ്ങനെയുള്ള സമസ്ത രംഗങ്ങളിലും പ്രശോഭിച്ച ആ പുണ്യാത്മാവിന്റെ ജീവിതത്തിന് പ്രചോദനമരുളിയ ഒരടിസ്ഥാന പ്രശ്നത്തെക്കുറിച്ചുള്ള ലഘുചിന്ത മാത്രമാണ് ഈ കൊച്ചുലേഖനം.**

**വിശുദ്ധ** ഖുർആന്റെ വ്യാഖ്യാനമാണ് നബിയുടെ ജീവിതം എന്ന് സാധാരണ പണ്ഡിതന്മാർ പറയാറുണ്ട്. വേദപുസ്തകത്തിന്റെ സർവസ്പർശിയായ പ്രമാണങ്ങളെ സ്വജീവിത മാതൃകകൊണ്ട് മനുഷ്യസമൂഹത്തിന് മനസ്സിലാക്കിക്കൊടുത്തുവെന്നതാണല്ലോ ഈ പണ്ഡിതാഭിപ്രായത്തിന്റെ സരളമായ വ്യാഖ്യാനം. ഒന്നുകൂടി ചുഴിഞ്ഞുനോക്കിയാലോ?

മനുഷ്യന്റെ വ്യക്തിനിഷ്ഠവും സമൂഹനിഷ്ഠവുമായ ഭൗതിക ജീവിതത്തിൽ ആത്മീയതയുടെ പ്രഭാപൂരം പ്രസരിപ്പിച്ചുകൊണ്ടുള്ള ഒരു വിശ്വാസസമൂഹത്തെ പുനഃസംഘടിപ്പിച്ചുവെന്നതാണ് മുഹമ്മദ് നബി മാനവസംസ്കാരത്തിന് നൽകിയ വിലപ്പെട്ട സംഭാവനയും സേവനവും. മുൻ പ്രവാചകന്മാരും ഇതൊക്കെത്തന്നെയായിരുന്നില്ലേ ചെയ്തത് എന്നൊരു ചോദ്യം ഇവിടെ സംഗതമാണ്. ആയിരിക്കാം. ഇത്ര സമഗ്രമായി അവർക്കതു ചെയ്യാൻ കഴിഞ്ഞില്ല എന്നതുകൊണ്ടാണ് അദ്ദേഹത്തെ മാത്രം 'പ്രവാചകമുദ്ര'യായി കാണുന്നത്. ഭൗതികാധ്യാത്മിക തലങ്ങളെ യേശുക്രിസ്തു വേറിട്ടുതന്നെ കാണുന്നു. 'സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' എന്നാണല്ലോ വ്യവഹരണസൗകര്യത്തിനുവേണ്ടി അദ്ദേഹം പറഞ്ഞിട്ടുള്ളത്.

ഇതിൽനിന്ന് തികച്ചും ഭിന്നവും വിപ്ലവകരവുമായ ഒരു സമീപനമായിരുന്നു നബിയുടേത്– പ്രപഞ്ചനാഥൻ ഭൂമിയിലെ സമസ്ത ചരാചര വസ്തുക്കളുടെ ഉടമയാണ്. നശ്വരനായ മനുഷ്യനിൽ ഉടമാവകാശമില്ല. ഭൂമിയിൽ സ്ഥിരാവകാശമുണ്ടെന്നഹങ്കരിച്ചവരുടെ ചെയ്തികളാണ് ചരിത്രത്തിന് കറുത്ത നിറം നൽകിയിട്ടുള്ളത്. ഫറോവമാരുടെ കാര്യമോർക്കുക, ഇങ്ങേ അറ്റത്ത് ഹിറ്റ്ലറുടെ ചെയ്തികളോർക്കുക, മറിച്ച് മനുഷ്യൻ അനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ദിവ്യമായ ഒരു ശക്തിയുടേതാണെന്ന് പഠിപ്പിക്കുകയും അതുപയോഗിച്ചുകൊണ്ടുള്ള സംതൃപ്തമായ ജീവിതം ഭൂമിയിൽ നയിക്കാൻ മനുഷ്യനെ ആഹ്വാനം ചെയ്യുകയും ചെയ്തു എന്നത് നിസ്സാരമായ വസ്തുതയല്ല. ഇതിൽനിന്നാണ് ധർമാധർമങ്ങളുടെ പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത്. വിധിവിലക്കുകളും ഉണ്ടാവുന്നത് ഈ പ്രഥമമായ ദൈവാസ്തികൃത്തിലുള്ള ബോധത്തിൽനിന്നാകുന്നു. പിൽക്കാലത്ത് ഇത് ലോകഭാവിയെക്കുറിച്ച് ചിന്തിച്ചിട്ടുള്ള ഒട്ടുമുക്കാലും ധർമപ്രബോധകരെ സ്വാധീനിച്ചിരുന്നു. ടോൾസ്റ്റോയിയുടെയും മഹാത്മജിയുടെയും ട്രസ്റ്റീഷിപ്പ് സിദ്ധാന്തം നബിയുടെ മൗലിക സംഭാവനയിൽനിന്ന് പ്രചോദനം നേടിയവയത്രെ.

ലോകാഭിവൃദ്ധിക്കും മനുഷ്യാഭിവൃദ്ധിക്കും ഇത്തരമൊരു സമീപനം സ്വീകരിക്കണമെങ്കിൽ ഒരു വിശ്വാസസമൂഹത്തെ രൂപപ്പെടുത്തണമെന്ന കാര്യത്തിൽ സംശയമില്ലല്ലോ. ഇന്നത്തെ സമസ്ത രാഷ്ട്രീയ കക്ഷികളുടെയും അടിയാധാരമായി നിൽക്കുന്നത് വിശ്വാസസമൂഹത്തെക്കുറിച്ചുള്ള സങ്കൽപമാകുന്നു. വിശ്വാസമില്ലെങ്കിൽ സമർപ്പണബോധം ഉണ്ടാകില്ല. സമർപ്പണബോധമില്ലെങ്കിൽ പ്രാവർത്തിക വിജയം നേടാനോ, സിദ്ധാന്തം പ്രയോഗവത്കരിക്കാനോ സാധിക്കുകയില്ല. മുഹമ്മദ് നബിയെപ്പോലെ ഒരു വിശ്വാസസമൂഹത്തിനുവേണ്ടി ജീവിതമർപ്പിച്ച ഒരു മഹാത്മാ

വിനെ ലോകചരിത്രത്തിൽ കാണാനൊക്കുകയില്ല. സമൂഹത്തിന് മാത്രമായി ഒരു പൊതു വിശ്വാസമോ കർമപരിപാടിയോ ഉണ്ടായതുകൊണ്ട് കാര്യമില്ല. സമൂഹാംഗങ്ങൾ ആ വിശ്വാസം എള്ളിട നീങ്ങാതെ സൂക്ഷ്മമായി പാലിക്കണം. ഇതായിരുന്നു നബിയുടെ മാതൃക. സ്വകാര്യ സ്വത്തിനെക്കുറിച്ച് നബിക്കുണ്ടായിരുന്ന ധാരണകൾ വളരെ സ്പഷ്ടമാണ്. നിങ്ങളുടെ വീട്ടിൽ മൂന്ന് വിരിപ്പുകളുണ്ടെങ്കിൽ, നിങ്ങളുടെ ആവശ്യത്തിന് രണ്ടെണ്ണം മതിയെന്നുണ്ടെങ്കിൽ മൂന്നാമത്തേതിൽ പിശാചാണ് കിടക്കുന്നതെന്ന നബിസൂക്തം സ്മരണീയമാണ്. പൊതുനിയമം കർക്കശമായി സമൂഹത്തിന്റെ മീതെ അടിച്ചേൽപിച്ചുകൊണ്ടല്ല, മറിച്ച് വ്യക്തിഹൃദയസംസ്കരണം സമൂഹനിയമത്തിന്റെ മുഖ്യാംശമായി കണ്ടുകൊണ്ടുള്ള ഈ അസാധാരണ വ്യവസ്ഥ ഇന്നും രാഷ്ട്രീയ സിദ്ധാന്തങ്ങൾക്ക് വിദൂര സ്വപ്നമാണ്. നബിയുടെ വീട്ടിൽ ഒരാൾ നബിക്ക് ഉപഹാരമായി കുറേ പട്ടുതുണിത്തരങ്ങൾ കൊണ്ടുവന്നു കൊടുത്തുവെന്നും അവയുടെ അപൂർവഭംഗി കണ്ട് നബിയുടെ മകൾ തിരശ്ശീലകളായി അവ വീട്ടിൽ വിതാനിച്ചുവെന്നും ഒരു കഥയുണ്ട്. വീട്ടിലേക്ക് വന്നപ്പോൾ അത് കണ്ട നബി യാതൊന്നും പറയാതെ അവയെല്ലാം ഊരിയെടുത്ത് പള്ളിയിൽ കൊണ്ടുപോയി ദരിദ്രർക്ക് വിതരണം ചെയ്തു. നബി തിരുമേനി ഭരണാധികാരിയായിരുന്നപ്പോഴും ഒരു ദരിദ്ര പൗരന്റെ ലഘുവും ലളിതവുമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹത്തിന് ഉടയാടകൾ അധികമുണ്ടായിരുന്നില്ല. അത്യാഡംബരങ്ങളിൽ മുഴുകി മാലയും ചെങ്കോലും കനകസിംഹാസനങ്ങളും രത്നകിരീടവും ചാരവലയവും പ്രൊട്ടോകോളുമായി വാണരുളുന്ന ഭരണാധികാരികളിൽനിന്ന് എത്ര വ്യത്യസ്തവും ആദർശാത്മകവും ആത്മബലവുമുള്ള ഒരു ചിത്രമാണ് നമ്മുടെ മുമ്പിൽ ഭരണാധികാരി എന്ന നിലയിൽ നബി കാഴ്ചവെച്ചതെന്നു നോക്കുക.

പിന്തുടർച്ചാവകാശം നബിയുടെ മാതൃകയായിരുന്നില്ല. വിശ്വാസസമൂഹം അവർക്ക് വിശ്വാസമുള്ള ഭരണാധികാരിയെ തെരഞ്ഞെടുക്കണമെന്നാണ് നബി നിർദേശിച്ചിരുന്നത്. അങ്ങനെ തെരഞ്ഞെടുക്കുന്ന ഭരണാധികാരി അമീറുൽ മുഅ്മിനീൻ, 'വിശ്വാസികളുടെ അധിപൻ' ആയിരുന്നു – നാടുകളുടെയും കടലുകളുടെയും അധിപനായിരുന്നില്ല. ഇസ്ലാമിക ഭരണത്തിന്റെ ആദ്യ ഘട്ടങ്ങളിലങ്ങനെയായിരുന്നുവല്ലോ. യവന നഗരമാതൃകയിൽനിന്ന് ഭിന്നവും ശക്തവുമായ ഒരു ജനാധിപത്യ രീതിയായിരുന്നു അത്. റോമക്കാരെപ്പോലെ അടിമകളെ സമൂഹബാഹ്യരായി ഇസ്ലാം പരിഗണിച്ചിരുന്നുമില്ല. ഇസ്ലാമിക സംസ്കാരത്തിന് ക്ഷതമേറ്റതുതന്നെ രാജാധികാരവും പിന്തുടർച്ചാവകാശവും, പിൽക്കാലത്തെ പൊന്നുകണ്ട് മഞ്ഞളിച്ചവരുടെ ദുഷ്ചെയ്തികളും കാരണമായിരുന്നു.

> **നബി തിരുമേനി ഭരണാധികാരിയായിരുന്നപ്പോഴും ഒരു ദരിദ്ര പൗരന്റെ ലഘുവും ലളിതവുമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹത്തിന് ഉടയാടകൾ അധികമുണ്ടായിരുന്നില്ല. അത്യാഡംബരങ്ങളിൽ മുഴുകി മാലയും ചെങ്കോലും കനകസിംഹാസനങ്ങളും രത്നകിരീടവും ചാരവലയവും പ്രൊട്ടോകോളുമായി വാണരുളുന്ന ഭരണാധികാരികളിൽനിന്ന് എത്ര വ്യത്യസ്തവും ആദർശാത്മകവും ആത്മബലവുമുള്ള ഒരു ചിത്രമാണ് നമ്മുടെ മുമ്പിൽ ഭരണാധികാരി എന്ന നിലയിൽ നബി കാഴ്ചവെച്ചതെന്നു നോക്കുക.**

സമൂഹത്തെക്കുറിച്ചുള്ള ഈ പൊതു സങ്കൽപത്തിനനുരോധമായ ഒരു പ്രതീകാത്മക ചിത്രം വിശുദ്ധ ഖുർആനിലുണ്ട് – തേനീച്ചയെന്ന അധ്യായം (സൂറത്തുന്നഹ്ൽ). "നോക്കൂ; നിന്റെ ഉടയവൻ തേനീച്ചകൾക്ക് വെളിവു തന്നു. എന്തെന്നാൽ മലനിരകളിലും മരങ്ങളിലും മണ്ണിനുമീതെ പടർത്തപ്പെടുന്ന വള്ളികളിലും നിങ്ങൾ കൂടുകൾ വെക്ക; എല്ലാതരം കനികളിൽനിന്നും സത്തൂറ്റുക; നിന്റെ ഉടയവൻ ഒരുക്കിയ പാതകളിലൂടെ പറക്ക. തേനീച്ചകളുടെ ഉള്ളകങ്ങളിൽനിന്ന് നിറപ്പൊലിമയുള്ള പാനീയം ഒഴുകുന്നു. മനുഷ്യർക്കതിൽ രോഗശമനം. തീർച്ച, ചിന്തിക്കുന്ന ജനത്തിനൊരു തെളിവ്" (അന്നഹ്ൽ 68,69).

തേനീച്ചകളുടെ സമൂഹ സംഘടനയെക്കുറിച്ച് ഇന്ന് നമുക്ക് വേണ്ടത്ര ശാസ്ത്രജ്ഞാനം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. സഹകരണ മനോഭാവത്തോടെ ഒരേ കൂട്ടിൽ ഏകോപിച്ച് പ്രവർത്തിക്കുകയും പ്രവർത്തനഫലം കൊണ്ട് സ്വജീവിതം ധന്യമാക്കുകയും ചെയ്യുന്ന തേനീച്ചകളുടെ സമൂഹിക വ്യവസ്ഥ മനുഷ്യർക്കൊരു പാഠമാണല്ലോ. ഭൗതിക ജീവിതത്തെക്കുറിച്ച് നബി ഒരിക്കൽ നൽകിയ അർഥാന്തരന്യാസം പൂന്തേനിനെക്കുറിച്ചാണ്. ഔഷധമെന്ന നിലക്കും ആഹാരമെന്ന നിലക്കും തേനിനുള്ള സാർഥകമായ ഗുണങ്ങൾ നബി പലപ്പോഴും പറഞ്ഞിട്ടുണ്ട്. പക്ഷേ, തേനുണ്ടാവുന്നതിന്റെ പ്രവർത്തന പ്രക്രിയയെക്കുറിച്ചൊരു നിമിഷം ആലോചിച്ചുനോക്കിയാൽ പ്രവാചകന്റെ സമൂഹസങ്കൽപത്തെക്കുറിച്ചുള്ള അപൂർവചിന്ത നമ്മെ ആവേശഭരിതരാക്കാതിരിക്കില്ല.

ലോകത്തിലെ കാഴ്ചകളിൽ അതീവ മനോഹരമായിട്ടുള്ളതാണ് നാനാവർണ വിലസിതങ്ങളായ പൂവുകൾ. അവയുടെ സത്താണ് തേനീച്ചകൾ ശേഖരിക്കുന്നത്. നാനാ രൂപത്തിലും നാനാ വർണങ്ങളിലും നാനാവിധ രുചികളിലും ഉള്ള എല്ലാ പൂക്കളുടെയും സത്ത് തേനീച്ചകൾ സ്വാംശീകരിച്ച് തേൻമെഴുക് രൂപത്തിൽ നൽകുന്നു. അവയുടെ ഭവനവും ഭക്ഷണവും ഈ തേൻ പലകകളാണ്. ജീവിതത്തെക്കുറിച്ചുള്ള അത്ഭുതകരമായ ഒരു സമന്വയമാണിത്. അതിൽനിന്നരിച്ചെടുക്കുന്നതാണല്ലോ ശുദ്ധമായ തേൻ. ഈ ഓരോ പ്രക്രിയയും – വ്യത്യസ്ത ഭാവങ്ങൾ, വ്യത്യസ്ത രൂപങ്ങൾ, അവയുടെ സമന്വയം, സമന്വയത്തിന്റെ സാക്ഷാത്കാരം – നമ്മുടെ ഭൗതിക സാഹചര്യങ്ങളുടെ വിവിധ മണ്ഡലങ്ങളായി കണ്ടാൽ ഈ ജീവിതരൂപകത്തിനുള്ള അമിതപ്രാധാന്യവും അർഥവും നമുക്കെളുപ്പം മനസ്സിലാക്കാം.

ഭൗതിക ജീവിതത്തിൽ ആത്മീയതയുടെ വിശുദ്ധി വിനിവേശിപ്പിച്ചുകൊണ്ടുള്ള ഒരു വിശ്വാസസമൂഹത്തിന്നേ വിജയകരവും അർഥപൂർണവുമായ ഭൗതിക സംസ്കാരം വാർത്തെടുക്കാൻ സാധിക്കുകയുള്ളൂവെന്നതിന്റെ കരടില്ലാത്ത മാനിഫെസ്റ്റോയാണ് നബിയുടെ ഭൗതികജീവിതം. ●